# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.419

## 04-02-2020 ൽ മറുപടിക്ക്

## റയിൽവേ മേൽപ്പാലങ്ങൾ

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് എത്ര റയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനാണ് കിഫ്ബിയുടെ ധനസഹായത്തോടെ പദ്ധതിയിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | സംസ്ഥാനത്ത് കിഫ്ബിയുടെ മേൽനോട്ടത്തിൽ 69 റെയിൽവേ മേല്പാലങ്ങൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ട്. |
| (ബി) ഏതെല്ലാം മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പുൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | മാളിയേക്കൽ റെയിൽവേ മേൽപാലം, കൊട്ടുവള്ളി റെയിൽവേ മേൽപാലം എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർണ്ണമായും, ചിറയിൻകീഴ് റെയിൽവേ മേൽപ്പാലത്തിന്റെ 95% സ്ഥലമെടുപ്പും പൂർത്തീകരിച്ചിട്ടുണ്ട് . |
| (സി) ഏതെല്ലാം റയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് ടെന്റർ നടപടികൾ പൂർത്തീകരിച്ചുവെന്നും ആയവയിൽ എത്രയെണ്ണം കോൺക്രീറ്റ് സ്ട്രക്ചറിൽ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും വിശദീകരിക്കുമോ; | മാളിയേക്കലും ചിറയിൻകീഴും എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് എസ്.പി.വി ടെണ്ടർ നടപടി പൂർത്തീകരിച്ചു. സ്റ്റീൽ സ്ട്രക്ചറിൽ നിർമ്മിക്കുന്നതിനു വേണ്ടി ഇവയുടെ ടെണ്ടർ ഡോക്യുമെന്റ്സ് എസ്.പി.വി പുനർക്രമീകരിച്ചുകൊണ്ടിരിക്കുന്നു. |
| (ഡി) കോൺക്രീറ്റ് സ്ട്രക്ചറിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച ഏതെല്ലാം പാലങ്ങൾ സ്റ്റീൽ സ്ട്രക്ചറിൽ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയെന്നും ആയതിന്റെ പുരോഗതി എന്തെല്ലാമെന്നും വിശദീകരിക്കുമോ? | കോൺക്രീറ്റ് സ്ട്രക്ചറിൽ നിർമ്മിക്കുന്നതിനുള്ള 10 റെയിൽവേ മേല്പാലങ്ങൾ (മാളിയേക്കൽ,ചിറയിൻകീഴ്, കൊട്ടുവള്ളി, അകത്തേത്തറ, ഗുരുവായൂർ, ഇരവിപുരം, ചിറങ്ങര, താനൂർ - തെയ്യാല, വാടാനംകുറിശ്ശി, ചേളാരി -ചെട്ടിപ്പടി) ഇപ്പോൾ സ്റ്റീൽ സ്ട്രക്ചറിൽ നിർമ്മിക്കുന്നതിന് വേണ്ടി എസ്.പി.വി ടെണ്ടർ ഡോക്യുമെന്റ്സ് തയ്യാറാക്കികൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ